**Institute of Human Resources Development**
*(Established by Government of Kerala)*
Prajo'e Towers, Vazhuthacaud P O, Thiruvananthapuram- 695 014. Kerala.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in. mail: director@ihrd.ac.in

നമ്പർ: ഡിഎ2/16502/16/എച്ച്ആർഡി — തീയതി: 31.12.2018

പ്രേഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും

സർ,

വിഷയം : ഐ.എച്ച്.ആർ.ഡി - ഉന്നത വിദ്യാഭ്യാസ വകുപ്പ് - പതിനാലാം കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി VI - സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം - മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.

സൂചന : സർക്കുലർ നമ്പർ കെ3/249/2018/ഉ.വി.വ തീയതി 09.12.2018

പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VIന്റെ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ എല്ലാ സ്ഥാപന മേധാവികളും നടപടി സ്വീകരിക്കുകയും നടപടി റിപ്പോർട്ട് അടിയന്തരമായി ഈ ഓഫീസിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. സൂചന പ്രകാരമുള്ള സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
ഡയറക്ടർ

ഉള്ളടക്കം: സർക്കുലറിന്റെ പകർപ്പ്

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

de.01.01.2019

File No.HEDN-K3/249/2018-HEDN

16502/18/HRD

49 | 22.12.18
22 DEC 2018
THIRUVANANTHAPURAM

കേരള സർക്കാർ

നം:കെ3/249/2018-ഉ.വി.വ.

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09/12/2018

<u>സർക്കുലർ</u>

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - പതിനാലാം കേരള നിയമസഭ - സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) - സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശങ്ങളും, ശിപാർശകളും അടങ്ങിയ റിപ്പോർട്ടിൻമേലുള്ള മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- (1) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടപ്രകാരം ചർച്ച ചെയ്ത് സമർപ്പിച്ച സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശങ്ങളും, ശിപാർശകളും അടങ്ങിയ റിപ്പോർട്ടിൻമേലുള്ള ശിപാർശ.

(2) ഉന്നതവിദ്യാഭ്യാസ (പി) വകുപ്പിന്റെ 18-06-2018-ലെ പി1/245/2018/ഉ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ്.

പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) ന്റെ, സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വകുപ്പുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

നിയമസഭാ സമിതിയുടെ റിപ്പോർട്ടിലെ ഖണ്ഡിക 19-ലെ ശിപാർശയിൻമേൽ പ്രൊഫഷണൽ കോളേജുകൾ (സർക്കാർ-എയ്ഡഡ്/സ്വകാര്യമേഖലാ ഭേദമന്യേ) ഉൾപ്പെടെ യുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാസത്തിൽ ഒരിക്കൽ നിർബന്ധമായും ലഹരിമരുന്ന് ഉപയോഗത്തിനെതിരെ, എക്സൈസ്, ആരോഗ്യം, സാമൂഹ്യനീതി വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ ക്ലാസുകൾ 2018 നവംബർ മാസം മുതൽ സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

റിപ്പോർട്ടിലെ ഖണ്ഡിക 2 2 ൻമേൽ കലാകായിക മത്സരങ്ങൾ നടക്കുന്ന സന്ദർഭങ്ങളിലെ ലഹരി ഉപയോഗം കണ്ടെത്തുന്നതിനായി ഈ അവസരങ്ങളിൽ മഫ്തിയിലുള്ള പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. കോളേജ് ഹോസ്റ്റലുകളിൽ അപ്രതീക്ഷിത പരിശോധനകൾ ഇടയ്ക്കിടയ്ക്ക് നടത്തേണ്ടതുമാണ്.

( നടപടി സ്വീകരിക്കേണ്ടത് : സർവ്വകലാ ശാല രജിസ്ട്രാർമാർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, എൽ.ബി.എസ്. ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. ഡയറക്ടർ, സി.സി.ഇ.കെ ഡയറക്ടർ, എൻ.സി.സി. ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ എന്നിവർ)

സമിതിയുടെ റിപ്പോർട്ടിലെ ഖണ്ഡിക 30 -ൽ മയക്കുമരുന്നു മാഫിയാംഗങ്ങൾ പഠിതാക്കളായി കോളേജുകളിൽ പ്രവേശനം നേടുന്നതായി സമിതി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ, .മയക്ക് മരുന്ന് കേസുമായി ബന്ധമുള്ളവരും, ഇത്തരത്തിൽ സംശയിക്കപ്പെടുന്ന വ്യക്തികളും, മറ്റ് സാമൂഹ്യവിരുദ്ധ ശക്തികളുമായി ബന്ധം പുലർത്തുന്നവരും കോളേജുകളിലും മറ്റും കടന്ന് കൂടാതിരിക്കാനായി ഇത്തരക്കാരെ സംബന്ധിച്ച് മുന്നറിയിപ്പ് കോളേജ് അധികൃതർക്ക് നൽകുവാൻ ബന്ധപ്പെട്ട പോലീസ്/എക്സൈസ് അധികാരികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(നടപടി സ്വീകരിക്കേണ്ടത്: ഡയറക്ടർ ജനറൽ ഓഫ് പോലീസ്, എക്സൈസ് കമ്മീഷണർ)

DR. USHA TITUS
PRINCIPAL SECRETARY

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ജി.പി), വഴുതക്കാട്, തിരുവനന്തപുരം
4. കമ്മീഷണറേറ്റ് ഓഫ് എക്സൈസ്, എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, നന്ദാവനം പി.ഒ, തിരുവനന്തപുരം
5. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
6. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.

7. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

8. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3

9. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം

10. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശ കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകു കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിം സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയ സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പ കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

11. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) കോ-ബാങ്ക് ടവേഴ്സ്, ഒന്നാം നില, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം

12. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്(for uploading in Government website)

13. നോഡൽ ഓഫീസർ, വെബ് സൈറ്റ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്

14. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

19. എല്ലാ വിദ്യാലയങ്ങളിലും മാസത്തിൽ ഒരിക്കൽ നിർബന്ധമായും ലഹരി മരുന്ന് ഉപയോഗത്തിനെതിരെ എക്സൈസ്, ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ചടങ്ങുകളിൽ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത് പി.റ്റി.എ.യുടെ കടമയാണ്. വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾക്ക് അടിമയാകുന്നതിന് ശിഥിലമായ കുടുംബ പശ്ചാത്തലം പ്രധാന പങ്കുവഹിക്കുന്നു ആയതിനാൽ ഇത്തരം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ 100% രക്ഷിതാക്കളുടെ സാന്നിദ്ധ്യം, വിശേഷിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് കുടുംബശ്രീ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ബോധവൽക്കരണ ക്ലാസ്സുകളുടെ തുടർ പ്രവർത്തനവുംകൂടി നിരീക്ഷിക്കുന്നതിന് സംവിധാനം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22. സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ കലാകായികോത്സവങ്ങൾ നടക്കുന്ന സന്ദർഭങ്ങളിലാണ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ. ഈ അവസരങ്ങളിൽ മഫ്റ്റിയിലുള്ള പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം സ്കൂൾ/കോളേജുകളിൽ നിർബന്ധമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കോളേജ് ഹോസ്റ്റലുകളിൽ അപ്രതീക്ഷിത പരിശോധന നടത്തുന്നതും അഭികാമ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.